**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കണ്ണൂർ നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.നബീലത്ത് സി.കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1612/2019 നമ്പർ കേസിലെ 20.9.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2638/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 23.11.2019

---

പരാമർശം :

1. നഗരകാര്യ ഡയറക്ടറുടെ 05.09.2019 തീയതിയിലെ ഇ 5/14751/2018 നമ്പർ ഉത്തരവ്
2. ശ്രീമതി.നബീലത്ത് സി.കെ സർക്കാരിൽ സമർപ്പിച്ച 17.9.2019 തീയതിയിലെ നിവേദനം (അനക്ഷർ A4)
3. ശ്രീമതി.നബീലത്ത് സി.കെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1612/2019 നമ്പർ കേസിലെ 20.09.2019 തീയതിയിലെ വിധിന്യായം
4. നഗരകാര്യഡയറക്ടറുടെ 08.11.2019 തീയതിയിലെ ഇ 5-23027/19 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കണ്ണൂർ നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.നബീലത്ത് സി.കെ.--യ്ക്ക് സൂചന 1 ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ഉദ്യോഗക്കയറ്റം നൽകി കണ്ണൂർ നഗരസഭയിൽ തന്നെ നിയമിക്കുകയും തുടർന്ന് 17.9.2019-ലെ ഉത്തരവ് പ്രകാരം 05.09.2019 ലെ മേല്പറഞ്ഞ ഉത്തരവ് ഭേദഗതി ചെയ്യുകയും ശ്രീ. അജീർ പി.പി.യെ മാനന്തവാടി നഗരസഭയിൽ നിന്നും കണ്ണൂർ നഗരസഭയിലേക്കും,ശ്രീമതി.നബീലത്ത് സി.കെ -യെ കണ്ണൂർ നഗരസഭയിൽ നിന്നും വടകര നഗരസഭയിലേയ്ക്കും മാറ്റി നിയമിക്കുകയും ചെയ്തു. കണ്ണൂർ നഗരസഭയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേല്പറഞ്ഞ ഉത്തരവിനെതിരെ ശ്രീമതി.നബീലത്ത് സി.കെ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1612/2019 നമ്പർ കേസിലെ 20.09.2019 തീയതിയിലെ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ ശ്രീമതി. നബീലത്ത് സി.കെ സമർപ്പിച്ചിട്ടുള്ള പരാമർശം 2 പ്രകാരമുള്ള നിവേദനം സർക്കാർ പരിശോധിച്ച്, കോടതി ഉത്തരവ് ലഭിച്ച് 6

ആഴ്ചക്കുള്ളിൽ ശ്രീമതി. നബീലത്ത് സി.കെയും, ശ്രീ. അജീർ പി.പി.-യേയും നേരിൽകേട്ടതിനുശേഷം തീരുമാനമെടുക്കണമെന്ന് ഉത്തരവായിരുന്നു.

2. ശ്രീമതി. നബീലത്ത് സി.കെ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ A4 നിവേദനം പ്രകാരം, കണ്ണൂർ നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ കേവലം 11 ദിവസം മാത്രം ജോലി ചെയ്ത ടിയാളെ യാതൊരു കാരണം കാണിക്കാതെയും നിലവിലെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും വിദൂരനഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയിരിക്കുന്നു. മാനന്തവാടി നഗരസഭയിലേയ്ക്ക് പ്രൊമോഷനോടുകൂടി സ്ഥലംമാറ്റപ്പെട്ട ആന്തൂർ നഗരസഭയിലെ ശ്രീ. അജീറിന് ടിയാന്റെ ഏറ്റവും അടുത്തുള്ള കോർപ്പറേഷനിലേയ്ക്ക് സ്ഥലം മാറ്റം നൽകുന്നതിനുവേണ്ടി സ്ത്രീയെന്ന പരിഗണന പോലും നൽകാതെ ടിയാളെ വിദൂരനഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയത് തെറ്റായ നടപടിയാണ്. ടിയാളോടൊപ്പം കണ്ണൂർ നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ടിയാളെക്കാളും ജൂനിയറായ ശ്രീമതി.ലിജിനയെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ഉദ്യോഗക്കയറ്റം നൽകി കണ്ണൂർ നഗരസഭയിൽ തന്നെ നിലനിർത്തി സീനിയറായ ടിയാളെ സ്ഥലംമാറ്റിയതും തെറ്റായ നടപടിയാണ്. ടിയാളുടെ 4 വയസ്സുള്ള മകൻ ആസ്ത്മയും ബ്രൊങ്കൈറ്റിസും നിമിത്തം ദീർഘകാലചികിത്സയിലാണ്. ആയതിനാൽ ടിയാളുടെ സാന്നിദ്ധ്യവും പരിചരണവും മകന് അത്യാവശ്യമാണ്. ആന്തൂർ നഗരസഭയിലെ സ്ഥിരതാമസക്കാരനായ ശ്രീ. അജീറിന് വടകര നഗരസഭയിൽ എത്തിച്ചേരുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇല്ലാത്തതിനാൽ ടിയാനെ വടകര നഗരസഭയിൽ നിയമിച്ചുകൊണ്ട് ശ്രീമതി. നബീലത്ത് സി.കെ-യെ കണ്ണൂർ കോർപ്പറേഷനിൽ നിലനിർത്തണം എന്ന് അപേക്ഷിച്ചിരുന്നു.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1612/2019 -മേലുള്ള 20.09.2019 -ലെ ഉത്തരവുപ്രകാരം ശ്രീമതി. നബീലത്ത് സി.കെയും ശ്രീ. അജീർ പി.പി.-യേയും 04.11.2019-ന് നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ അന്നേദിവസം അവർ ഹാജരായില്ല. തുടർന്ന് 11.11.2019 -ന് ഒരു അവസരവും കൂടി നൽകി. എന്നാൽ ആ ദിവസവും അവർ ഹിയറിംഗിനായി ഹാജരായിരുന്നില്ല.

4. നഗരകാര്യവകുപ്പിലെ ജൂനിയർ സൂപ്രണ്ടും സീനിയർ ക്ലാർക്കും ഹിയറിംഗിന് ഹാജരായിരുന്നു. 02.05.2011 മുതൽ കണ്ണൂർ നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. നബീലത്ത് സി.കെ-യെ ഉദ്യോഗക്കയറ്റം നൽകി നഗരകാര്യവകുപ്പ് ഡയറക്ടറുടെ 05.09.2019-ലെ ഇ 5/14751/2018 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം കണ്ണൂർ നഗരസഭയിൽ നിയമിച്ചിരുന്നു എന്നും തുടർന്ന് നഗരകാര്യവകുപ്പ് ഡയറക്ടറുടെ 17.9.2019-ലെ ഇ 5/14751/2018 നമ്പർ ഭേദഗതി ഉത്തരവിലൂടെയാണ് ടിയാളെ വടകരനഗരസഭയിൽ മാറ്റി നിയമിച്ചിട്ടുള്ളത് എന്നും നഗരകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ അറിയിച്ചു. കൂടാതെ നിലവിൽ കണ്ണൂർ നഗരസഭയിൽ ടി. തസ്തികയിൽ ഒഴിവില്ലാത്തതിനാൽ ടിയാളുടെ ഹോം സ്റ്റേഷനിൽ ഒഴിവു വരുന്ന മുറയ്ക്ക് നിലവിലുള്ള

മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലംമാറ്റം നല്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്നും നഗരകാര്യഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ആയതിൻപ്രകാരം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. നബീലത്ത് സി.കെയുടെ അപേക്ഷ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ ശ്രീമതി. നബീലത്ത് സി.കെ സർക്കാരിൽ സമർപ്പിച്ച അനക്ഷർ-എ 4 നിവേദനം പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.09.2019 ലെ ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ജയ്സി പോൾ**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.( ആമുഖ കത്ത് സഹിതം)

ശ്രീമതി. നബീലത്ത് സി.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II , വടകര നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ